## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.504** **29.11.2018-ൽ മറുപടിക്ക്**

### ചരക്ക് സേവന നികുതി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ളനടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചരക്ക് സേവന നികുതി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ആഗസ്റ്റ് 2018 മുതൽ പരിശോധനാ സ്ക്വാഡുകളുടെ എണ്ണം 91 ൽ നിന്നും 178 ആയി വർദ്ധിപ്പിക്കുകയും ഇവയിൽ 126 സ്ക്വാഡുകളെ സംസ്ഥാന അതിർത്തികളിൽ ചരക്ക് വാഹന പരിശോധന നടത്തുന്നതിനും ഇ-വേ ബിൽ ഓൺലൈൻ പരിശോധനയ്ക്കുമായി വിന്യസിക്കുകയും ചെയ്തു. |
| (ബി) | നിലവിലുണ്ടായിരുന്ന സർവ്വൈലൻസ് സ്ക്വാഡുകളുടെ അംഗസംഖ്യ കുറച്ച് മൊബൈൽ സ്ക്വാഡുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; | (ബി) | നിലവിലുള്ള സർവ്വൈലൻസ് സ്ക്വാഡുകളുടെ അംഗസംഖ്യ കുറച്ച് മൊബൈൽ സ്ക്വാഡുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടില്ല. |
| (സി) | പാലക്കാട് ജില്ലയിലെ വേലന്താവളം, വാളയാർ, കഞ്ചിക്കോട് എന്നീ അതിർത്തി പ്രദേശങ്ങളിലെ സർവ്വൈലൻസ് സ്ക്വാഡുകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ മൊബൈൽ സ്ക്വാഡുകളിലേക്ക് മാറ്റിയിട്ടുണ്ടോ; | (സി) | സർവ്വൈലൻസ് സ്ക്വാഡുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനുവേണ്ടി കൃത്യമായ ഇടവേളകളിൽ സ്ക്വാഡുകളിലെ ഉദ്യോഗസ്ഥരെ പരസ്പരം മാറ്റി നിയമിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത മാറ്റം ചരക്ക് കള്ളക്കടത്ത് നടത്തുവാനുള്ള സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട് എന്ന ആക്ഷേപം പരിഗണിച്ച് പുനപരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത മാറ്റങ്ങൾ ചരക്കുകള്ളക്കടത്ത് നടത്താനുള്ള സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പ്രസ്തുത മാറ്റങ്ങൾ മൂലം ചരക്കു കള്ളക്കടത്ത് വാഹനങ്ങളെ നിരീക്ഷിക്കുന്ന സ്ക്വാഡുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കാനും തൻമൂലം നികുതി, പിഴ എന്നീ ഇനങ്ങളിലുള്ള വരുമാനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ